**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3355** — 22.08.2017 ൽ മറുപടിക്ക്

## സാർവ്വത്രിക അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ**<br>**,, പി.ടി. തോമസ്**<br>**,, റോജി എം. ജോൺ**<br>**,, എ.പി. അനിൽ കുമാർ :** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സാർവ്വത്രിക അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം എല്ലാ പൗരന്മാർക്കും സർക്കാർ സംവിധാനങ്ങളിലൂടെ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്കിലൂടെ ഒരു സംസ്ഥാനതല ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി നൽകുവാൻ സാധിക്കും. കൂടാതെ ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് ഈ നെറ്റ് വർക്കിലൂടെ വിവിധ സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കും. 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി പ്രായോഗികമാക്കുവാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) കെ-ഫോൺ ശൃംഖലയ്ക്ക് കിഫ്ബി വഴി ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; ഇതുവരെ എത്ര കോടി രൂപ ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും അനുവദിച്ചു; | (ബി) കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് 18.05.2017-ൽ 1028.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തിനായുള്ള ചർച്ചകൾ നടന്നുവരുന്നു. ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്? | (സി) കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) വഴിയാണ് ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**